## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3129 — 18-06-2019 -ൽ മറുപടിക്ക്

### പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കാൻ ഭവനനിർമ്മാണസഹായ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.ഡി.സതീശൻ | | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രളയം മൂലം പൂർണ്ണമായോ ഭാഗികമായോ വീട് തകർന്നവർക്ക് വീടുവച്ച് നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് 2018-ലെ പ്രളയത്തിൽ 15,223 വീടുകൾ പൂർണ്ണമായി തകർന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പ്രളയത്തിൽ വീട് തകർന്നവർ സ്വന്തമായും, സർക്കാർ നൽകുന്ന ആശ്വാസ ധനസഹായം ഉപയോഗപ്പെടുത്തിയും കെയർ ഹോം പദ്ധതി പ്രകാരവും സ്പോൺസർഷിപ്പ് വഴിയുമുള്ള വീട് പുനർ നിർമ്മാണ പ്രക്രിയ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു |
| ബി) | പ്രകൃതി ദുരന്തത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി ഭവനനിർമ്മാണസഹായ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്നവരിൽ പ്രളയത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് ഇതിനകം എന്തെങ്കിലും സഹായം നൽകുവാൻ സാധിച്ചിട്ടുണ്ടോ; ഇവരിൽ എത്രപേർക്ക് ഇതിനകം വീട് നൽകിയെന്ന് വെളിപ്പെടുത്തുമോ; | സി) | പ്രളയത്തെത്തുടർന്ന് പുറമ്പോക്കിൽ താമസിച്ചിരുന്ന 1259 പേരുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ 744 ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിനായി സർക്കാർ ഭൂമി കണ്ടെത്തി നൽകി. |

| | | | |
|---|---|---|---|
| ഡി) | പ്രളയത്തിനുശേഷം പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിക്കുന്നവരെ എപ്രകാരമാണ് പുനരധിവസിപ്പിച്ചതെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള എത്രപേർക്ക് വീടും സ്ഥലവും ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ? | ഡി) | ജിയോളോജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ കണക്ക് അനുസരിച്ച് 701 വീടുകൾ വാസയോഗ്യം അല്ലാത്ത, ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോര മേഖലയിൽ ആണ്. അവരിൽ 138 വ്യക്തികൾക്കുള്ള സ്ഥലം കണ്ടെത്തി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ